**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1592** **07-02-2023 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തീരശോഷണം പഠിക്കുന്നതിന് സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ്** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ**<br>**(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തീരശോഷണം പഠിക്കുന്നതിനായി നിയോഗിച്ച സമിതിയുടെ പഠന വിഷയങ്ങൾ അന്തിമമാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പഠന റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്ന് അറിയിക്കുമോ? | (എ) | ഉണ്ട്.<br><br>സമിതി പഠന വിധേയമാക്കുന്ന വിഷയങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതിനു ശേഷം അതിന്റെ സ്വാധീന മേഖലയിൽ തീരശോഷണം സംഭവിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ കൃത്യമായതും സുപ്രധാനവുമായ കാരണങ്ങൾ കണ്ടെത്തി ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.<br><br>2. മത്സ്യബന്ധന പ്രവർത്തനങ്ങൾക്കോ കടലിന്റെ ആവാസവ്യവസ്ഥയ്ക്കോ നാവിഗേഷൻ ചാനലിനോ തുറമുഖ നിർമ്മാണം മൂലം ഏതെങ്കിലും തരത്തിലുള്ള പ്രത്യാഘാതങ്ങൾ സ്വാധീന മേഖലയിൽ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ഉണ്ടെങ്കിൽ ഉചിതമായ പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക.<br><br>3. ടി വിഷയവുമായി ബന്ധപ്പെട്ട കക്ഷികളുമായി ആവശ്യമുള്ളപക്ഷം വേണ്ട ആശയവിനിമയം നടത്തുക.<br><br>കരട് റിപ്പോർട്ട് 4 മാസത്തിനുള്ളിലും അന്തിമ റിപ്പോർട്ട് 6 മാസത്തിനുള്ളിലും സമർപ്പിക്കണമെന്നാണ് സമിതിക്ക് കൊടുത്തിട്ടുള്ള നിർദ്ദേശം. |

സെക്ഷൻ ഓഫീസർ